ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ മത്സ്യക്കൃഷി വിപുലമായ രീതിയിൽ നടപ്പിലാക്കി വരുന്നു.

കോട്ടയം ജില്ലയിലെ പള്ളം കേന്ദ്രമാക്കി നാടൻ മത്സ്യങ്ങൾ വളർത്തുന്നതിനുള്ള ഒരു ഫാം പ്രവർത്തനം നടത്തി വരുന്നു.

3 (2694) മൽസ്യഫെഡിന് ധനസഹായം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മൽസ്യഫെഡിന് സഹായധനമായി 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ എത്രരൂപ നൽകിയെന്നറിയിക്കുമോ;

(ബി) മൽസ്യഫെഡിന് ലഭിച്ച സഹായധനം ഏതൊക്കെമേഖലയിലാണ് ചെലവഴിച്ചത്; ക്ഷേമസംഘങ്ങൾക്ക് എത്ര രൂപ നൽകി;

(സി) സംസ്ഥാനത്ത് മൽസ്യഫെഡിൽ അഫിലിയേഷൻ ലഭിച്ച എത്ര ക്ഷേമസംഘങ്ങൾ ഉണ്ട്? ഇതിന്റെ ജില്ല തിരിച്ച കണക്കും പേരുവിവരവും വ്യക്തമാക്കുമോ;

(ഡി) മൽസ്യഫെഡിൽ അഫിലിയേഷനായി ലഭിച്ച എത്ര അപേക്ഷകൾ അഫിലിയേഷൻ തീരുമാനമെടുക്കാതെയുണ്ട്; മൽസ്യഫെഡിൽ അഫിലിയേഷൻ നൽകാൻ എന്തെങ്കിലും തടസ്സം ഉണ്ടോ;

(ഇ) അഫിലിയേഷനായി ലഭിച്ചതും തീരുമാനമെടുക്കാത്തതുമായ സംഘങ്ങളുടെ പേരുവിവരം വ്യക്തമാക്കുമോ;

(എഫ്) മൽസ്യഫെഡിന്റെ നിയമാവലിയുടെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ജി) നിയമാനുസൃതം അഫിലിയേഷന് അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനകം തീരുമാനം ഉണ്ടാകണം; എന്താണ് വ്യവസ്ഥ; ഇപ്പോൾ എന്നു മുതൽ ലഭിച്ച അപേക്ഷയിൻമേലാണ് തീരുമാനമെടുക്കാനുള്ളത്?

ഉത്തരം

(എ) 1996-97 - 732.65 ലക്ഷം രൂപ
1997-98 - 2359.39 ലക്ഷം രൂപ
1998-99 - 1454.54 ലക്ഷം രൂപ

(ബി) കടലോര മേഖലയിലേയും ഉൾനാടൻ മൽസ്യ മേഖലയിലേയും വിവിധ വികസനക്ഷേമപ്രവർത്തനങ്ങൾക്കും മൽസ്യഫെഡ് നടപ്പിലാക്കുന്ന മറ്റു പദ്ധതികളായ മൽസ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണം, വനിതാബസ്സ്, കോൾഡ് ചെയിൻ പദ്ധതി, മൽസ്യബൂത്തുകൾ തുടങ്ങുന്നതിനുള്ള ധനസഹായം എന്നിവയ്ക്കാണ് ചെലവഴിച്ചത്.

2772.95 ലക്ഷം രൂപ മൽസ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾക്ക് നൽകി.

(സി) ജില്ലാ തലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 5 ജില്ലാ മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങളും പ്രാഥമിക തലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 594

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങളും ഉണ്ട്. പേരുവിവരം ശേഖരിച്ചുവരികയാണ്.

(ഡി) 71 അപേക്ഷകളിൽ തീരുമാനമാകാനുണ്ട്. ഇവ അടുത്തു ചേരുന്ന ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുന്നതാണ്.

(ഇ) അഫിലിയേഷൻ നൽകാനുള്ള സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി കാണാവുന്നതാണ്.†

(എഫ്) നിയമാവലിയുടെ പകർപ്പ് അടക്കം ചെയ്തിരിക്കുന്നു.

(ജി) എത്ര ദിവസത്തിനകം തീരുമാനം എടുക്കണമെന്ന് മൽസ്യഫെഡിന്റെ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

2.12.96 മുതൽ ലഭിച്ച അപേക്ഷകളിലാണ് തീരുമാനമെടുക്കാനുള്ളത്.

4 (2695) ട്രോളിംഗ് നിരോധന ലംഘനം

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതിയെന്താണെന്ന് അറിയിക്കാമോ;

(ബി) ട്രോളിംഗ് നിരോധനം ലംഘിക്കപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ട്രോളിംഗ് ബോട്ടുകൾ, ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ, പരമ്പരാഗത വള്ളങ്ങൾ, കട്ടമരങ്ങൾ എന്നിവയുടെ സംഖ്യയിൽ കഴിഞ്ഞ മൂന്ന് വർഷമായി വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ ബോട്ടുകളും വാടകയ്ക്കെടുത്ത ബോട്ടുകളും ഉപയോഗിച്ച് ഫലപ്രദമായി കടൽ പട്രോളിംഗ് നടത്തിവരുന്നു. എല്ലാ കടലോരജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഫിഷറീസ് വകുപ്പിലെ ഇമ്പൗണ്ടിംഗ് ഓഫീസർമാർ കടലിൽ സ്ഥിരമായി പട്രോളിംഗ് നടത്തുകയും നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) തമിഴ്നാട്ടിൽ നിന്നുള്ള ഒരു ബോട്ട് അതിർത്തിപ്രദേശത്ത് മൽസ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പിടിച്ചെടുക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) യന്ത്രം ഘടിപ്പിക്കാത്ത വള്ളങ്ങളുടെ കാര്യത്തിൽ (പരമ്പരാഗതവള്ളങ്ങൾ, കട്ടമരങ്ങൾ ഉൾപ്പെടെ) വർഷംതോറും കുറവും യന്ത്രം ഘടിപ്പിച്ച വള്ളങ്ങളുടെ കാര്യത്തിൽ താരതമ്യേന വർദ്ധനവും ഉണ്ടാകുന്നതായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly